# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഫെബ്രുവരി 13<br>February 13 | 2020 |
| --- | --- |

1193 മകരം 30 വ്യാഴം

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**സ്ത്രീകളെയും സമൂഹത്തെയും പ്രോത്സാഹിപ്പിക്കുന്ന സർക്കാർ പദ്ധതികൾ പ്രയോജനപ്പെടുത്തണം: കെ.യു. ജനീഷ് കുമാർ എം.എൽ.എ.**

സ്ത്രീകളെയും സമൂഹത്തെയും പ്രോത്സാഹിപ്പിക്കുന്ന സംസ്ഥാന സർക്കാരിന്റെ പദ്ധതികൾ പ്രയോജനപ്പെടുത്തണമെന്ന് കെ.യു. ജനീഷ് കുമാർ എം.എൽ.എ. പറഞ്ഞു. പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ വനിതാ വികസന കോർപറേഷന്റെ ജില്ലാതല വനിതാ സ്വയം സംരംഭക വായ്പാ മേള ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായി രുന്നു അദേഹം. വനിതാ വികസന കോർപറേഷനിലൂടെ പലിശ കുറഞ്ഞ വായ്പ എടുക്കാം. ഇതിലൂടെ 450 കോടി രൂപ കേരളത്തിൽ വായ്പയായി നൽകുക എന്നതാണ് കോർപറേഷന്റെ തീരുമാനം. വനിതകളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ വനിതാ സ്വയം സംരംഭക വായ്പാമേളയിലൂടെ പലിശ കുറഞ്ഞ വായ്പ നൽകുന്നത്. മിക്ക സ്ത്രീകളും പലിശ കൂടിയ വായ്പയെടുത്ത് ബുദ്ധിമുട്ടുന്നു. വായ്പ തിരി ച്ചടയ്ക്കുന്നതിനായി സഹായം ചോദിച്ച് നിരവധി പേർ സമീപിക്കുന്നു ്. പലിശ കുറഞ്ഞ വായ്പ വനിതാ സ്വയം സംരംഭക വായ്പാ മേളയിലൂടെ ലഭിക്കുമെന്ന് ജനീഷ് കുമാർ എം.എൽ.എ പറഞ്ഞു.

വനിതാ വികസന കോർപ്പറേഷൻ ഡയറക്ടർ കമലാ സദാനന്ദൻ മുഖ്യ പ്രഭാഷണവും അപേക്ഷാ ഫോം വിതരണോദ്ഘാടനവും നിർവഹിച്ചു. കേരളത്തിലെ പരമാവധി സ്ത്രീകളിൽ വിവിധ വായ്പാ പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും സ്ഥാപനത്തിന്റെ സഹായം ജില്ലയിലുള്ള വനിതാ സംരംഭകർക്ക് എത്തിക്കുന്നതിന്റെയും ഭാഗമായാണ് വായ്പാമേള സംഘടിപ്പിച്ചത്. പ്രമാടം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് റോബിൻ പീറ്റർ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്തംഗം എലിസബത്ത് അബു, ഗ്രാമപഞ്ചായത്ത്

പ്രസിഡന്റുമാരായ ബീനാ മുഹമ്മദ് റാഫി, രവികലാ എബി, എം.വി അമ്പിളി, കെ. ജയലാൽ, തോമസ് മാത്യു, ബിനി ലാൽ, വനിതാ വികസന കോർപ്പറേഷൻ മേഖലാ മാനേജർ പി.എം. അബ്ദുൾ റഹീം എന്നിവർ പരിപാടിയിൽ പങ്കെടുത്തു.
***ഫോട്ടോ അടിക്കുറിപ്പ്:വായ്പാ മേള:*** പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ വനിതാ വികസന കോർപറേഷൻ ജില്ലാതല വനിതാ സ്വയം സംരംഭക വായ്പാ മേള കെ.യു. ജനീഷ് കുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

(പിഎൻപി 717/2020)

## ദേശീയ കുഷ്ഠരോഗ നിർമാർജന പക്ഷാചരണം സമാപിച്ചു

ദേശീയ കുഷ്ഠരോഗ നിർമാർജന പക്ഷാചരണത്തിന്റെ (സ്പർശ് 2020) ജില്ലാതല സമാപനം എഴുമറ്റൂർ എസ്.എൻ.ഡിപി ഓഡിറ്റോറിയത്തിൽ രാജു ഏബ്രഹാം എം.എൽ.എ ഉദ്ഘാടനം നിർവഹിച്ചു. കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. കൃഷ്ണകുമാറിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.സി.എസ് നന്ദിനി മുഖ്യ പ്രഭാഷണം നടത്തി. എൻ.സി.ഡി നോഡൽ ഓഫീസർ ഡോ. എം.എസ് രശ്മി കുഷ്ഠരോഗ വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കുഷ്ഠരോഗ നിർമാർജന പക്ഷാചരണത്തിന്റെ ഭാഗമായി എഴുമറ്റൂർ കണ്ണച്ചതേവർ ക്ഷേത്ര മൈതാനത്തുനിന്ന് ആരംഭിച്ച വിളംബര റാലി ഗ്രാമപഞ്ചായത്ത് അംഗം സുഗതകുമാരി ഫ്ളാഗ് ഓഫ് ചെയ്തു.

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജയൻ പുളിക്കൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം വത്സല ടീച്ചർ, ജില്ലാ ലെപ്രസി ഓഫീസർ ഡോ.നിരൺ ബാബു, ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസർമാരായ ടി.കെ അശോക് കുമാർ, എ. സുനിൽകുമാർ, അസി. ലെപ്രസി ഓഫീസർ ജെ ലതിക കുമാരി, ഹെൽത്ത് സൂപ്പർവൈസർ എം.ജയചന്ദ്രൻ, എഴുമറ്റൂർ സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. ഫെബിൻ ഫാത്തിമ അലി ,ആരോഗ്യപ്രവർത്തകർ, ആശാ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവർ പങ്കെടുത്തു.

**ഫോട്ടോ അടിക്കുറിപ്പ്:സ്പർശ്:** ദേശീയ കുഷ്ഠരോഗ നിർമാർജന പക്ഷാചരണത്തിന്റെ (സ്പർശ് 2020) ജില്ലാതല സമാപനം എഴുമറ്റൂർ എസ്.എൻ.ഡിപി ഓഡിറ്റോറിയത്തിൽ രാജു ഏബ്ര*ഹാം* എം.എൽ.എ ഉദ്ഘാടനം നിർവഹിക്കുന്നു

(പിഎൻപി 718/2020)

## സാമ്പത്തിക സ്ഥിതിവിവര വകുപ്പ് സർവെയുമായി എല്ലാവരും സഹകരിക്കണം

സംസ്ഥാന പുരോഗതിക്കാവശ്യമായ പദ്ധതികൾ തയാറാക്കുന്നതിനായി സാമ്പത്തിക സ്ഥിതിവിവര വകുപ്പ് നടത്തുന്ന സർവെയുമായി പൊതുജനങ്ങളും സ്ഥാപനങ്ങളും സഹകരിക്കണമെന്നും പൗരത്വ രജിസ്റ്റർ, നിയമഭേദഗതി എന്നിവയുമായി വകുപ്പുതല വിവരശേഖരണത്തിന് ബന്ധമില്ലെന്നും ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻ വകുപ്പ് ഡയറക്ടർ യു.വി ജോസ് അറിയിച്ചു.

കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഇ.എ.ആർ.എ.എസ്, കൺസ്യൂമർ പ്രൈസ് ഇൻഡക്സ് തയാറാക്കുന്നതിനുള്ള വിലശേഖരണം, സാമൂഹിക സാമ്പത്തിക മേഖലകളുമായി ബന്ധപ്പെട്ട നാഷണൽ സാമ്പിൾ സർവെ, വിവിധ അഡ്ഹോക് സർവെകൾ, കുടുംബ ബജറ്റ് സർവെ തുടങ്ങിയവയാണ് വകുപ്പ് നടത്തുന്നത്.

ആഭ്യന്തര ടൂറിസവുമായി ബന്ധപ്പെട്ട വിവരങ്ങളും സുസ്ഥിരവികസനത്തിനായുള്ള സൂചികകൾക്കായുള്ള വിവരങ്ങളും ശേഖരിക്കും. പദ്ധതി ആസൂത്രണത്തിന് ആവശ്യമായ വിവരശേഖരണവുമായി പൂർണമായും സഹകരിക്കാൻ എല്ലാവരും തയാറാകണമെന്നും ഡയറക്ടർ അഭ്യർഥിച്ചു.

(പിഎൻപി 719/2020)

## പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു

സംസ്ഥാന സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി 2019 ഡിസംബറിൽ നടത്തിയ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പി.ജി.ഡി.സി.എ)/ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡി.സി.എ) / ഡിപ്ലോമ ഇൻ ഡാറ്റാ എൻട്രി ടെക്നിക്സ് ആന്റ് ഓഫീസ് ആട്ടോമേഷൻ (ഡി.ഡി.റ്റി.ഒ.എ)/ സർട്ടിഫിക്കേറ്റ് കോഴ്സ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സി.സി.എൽ.ഐ.എസ്) എന്നീ കോഴ്സുകളുടെ റഗുലർ/ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാ ഫലവും മാർക്കിന്റെ വിശദാംശങ്ങളും അതത് പരീക്ഷാ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടാൽ ല ഭിക്കും. ഐ.എച്ച്.ആർ.ഡിയുടെ www.ihrd.ac.in എന്ന വെബ്സൈറ്റിലും പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയിട്ടു ്. പുനർമൂല്യനിർണയത്തിനുള്ള അപേക്ഷകൾ ഈ മാസം 26 വരെ അതത് പരീക്ഷാ കേന്ദ്രങ്ങളിൽ പിഴ കൂടാതെയും ഈ മാസം 29 വരെ 200 രൂപ ലേറ്റ് ഫീ സഹിതവും സമർപ്പിക്കാം. ജൂൺ 2020-ലെ 2018 സ്കിം സപ്ലിമെന്ററി പരീക്ഷയ്ക്കായുള്ള പ്രത്യേകാനുമതി ആവശ്യമുള്ളവർ അപേക്ഷകൾ മാർച്ച് 16 ന് മുൻപായും 200 രൂപ ലേറ്റ് ഫീയോടുകൂടി മാർച്ച് 18 വരെയും അതത് സ്ഥാപന മേധാവികൾ മുഖേന സമർപ്പിക്കണം. നിർദിഷ്ട തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(പിഎൻപി 720/2020)

## വനിത നഴ്സുമാർക്ക് ദുബായിലെ ഹോംഹെൽത്ത് കെയർ മേഖലയിൽ തൊഴിലവസരങ്ങൾ

ദുബായിലെ ഹോംഹെൽത്ത് കെയർ സെന്ററിലേയ്ക്ക് ഹോം നഴ്സായി വനിതാ നഴ്സുമാരെ നോർക്ക റൂട്ട്സ് മുഖേന തെരഞ്ഞെടുക്കുന്നു. 25നും 40 നും മധ്യേ പ്രായമുള്ള ബി.എസ്.സി വനിതാ നഴ്സുമാർക്ക് രജിസ്റ്റർ ചെയ്യാം. ര ു വർഷത്തെ പ്രവർത്തി പരിചയമുള്ളവർക്ക് മുൻഗണന. ശമ്പളം 4,000 യു.എ.ഇ ദിർഹം (ഏകദേശം 77,600 രൂപ). താത്പര്യമുള്ളവർ വിശദമായ ബയോഡേറ്റ nrkhomecare@gmail.com þ ൽ സമർപ്പിക്കണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ടോൾ ഫ്രീ നമ്പരായ 18004253939 (ഇന്ത്യയിൽ നിന്നും) 00918802012345 (വിദേശത്തു നിന്നും മിസ്ഡ് കോൾ സേവനം) ൽ ലഭിക്കും. അവസാന തീയതി ഈ മാസം 25.

(പിഎൻപി 721/2020)

## കെ.എ.എസ് പരീക്ഷാ പരിശീലനം നടത്തി

സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ നടക്കുന്ന കെ.എ.എസ് പരീക്ഷ പരിശീലനത്തിന്റെ ഭാഗമായി മുൻ ഡി.ജി.പി അലക്സാ ർ ജേക്കബ് നയിക്കുന്ന ക്ലാസിന്റെ തൽസമയ സംപ്രേഷണം പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്, അടൂർ ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളജ് എന്നിവിടങ്ങളിൽ നടന്നു. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നടന്ന പരിപാടിയിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് , കോളേജ് പ്രിൻസിപ്പൽ മാത്യു.പി ജോസഫ് ,യൂത്ത് പ്രോഗ്രാം ഓഫീസർ ആർ.ശ്രീലേഖ, യൂത്ത് കോ-ഓർഡിനേറ്റർ ഷിജിൻ വർഗീസ് എന്നിവർ പ്രസംഗിച്ചു. അടൂർ ഐ.എച്ച്.ആർ.ഡി അപ്ലയിഡ് സയൻസ് കോളജിൽ നടന്ന പരിപാടിയിൽ കോളജ് പ്രിൻസിപ്പൽ പി.ലത, യുവജന ക്ഷേമ ബോർഡ് സ്റ്റാഫ് ദിലീപ്കുമാർ, മുനിസിപ്പാലിറ്റി കോ-ഓർഡിനേറ്റർ ബി. അ

ഫ്‌സൽ, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഹാരിസ് ഹുസൈൻ, ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റ് ഓഫീസർ എസ്. ശരത് കുമാർ എന്നിവർ പങ്കെടുത്തു.

(പിഎൻപി 722/2020)

## വൈദ്യുതി അദാലത്ത് ഈമാസം 25ന് മന്ത്രി എം.എം മണി ഉദ്ഘാടനം ചെയ്യും

കെ.എസ്.ഇ.ബി പത്തനംതിട്ട ജില്ല വൈദ്യുതി അദാലത്ത് പത്തനംതിട്ട പോലീസ് സ്റ്റേഷൻ റോഡിലുള്ള മേരിമാതാ പാരിഷ്ഹാളിൽ ഈ മാസം 25 ന് രാവിലെ 10ന് വൈദ്യുതി വകുപ്പു മന്ത്രി എം.എം. മണി ഉദ്ഘാടനം ചെയ്യും. വീണാ ജോർജ് എം.എൽ.എ അധ്യക്ഷത വഹിക്കും. ആന്റോ ആന്റണി എം.പി മുഖ്യപ്രഭാഷണം നടത്തും.എം.എൽ.എമാരായ മാത്യു ടി.തോമസ്, രാജു ഏബ്രഹാം, ചിറ്റയം ഗോപകുമാർ, കെ.യു ജനീഷ്കുമാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ കളക്ടർ പി.ബി നൂഹ് തുടങ്ങിയവർ പ്രസംഗിക്കും. കെ.എസ്.ഇ.ബി ഉപഭോക്താക്കളുമായി ഊഷ്മളമായ ബന്ധം ഉറപ്പിക്കുന്നതിനായി വകുപ്പ് മന്ത്രി എം.എം. മണിയുടെ പ്രത്യേക നിർദേശ പ്രകാരമാണ് ജനുവരി 11 മുതൽ ഫെബ്രുവരി അവസാന വാരം വരെ 14 ജില്ലകളിലും അദാലത്തുകൾ ന ടത്തുന്നത്. അദാലത്തുകളിൽ വൈദ്യുതി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തന്നെ വൈദ്യുതി സംബന്ധമായ വിവിധ വിഷയങ്ങളിൽ പൊതുജനങ്ങളുടെ പരാതി കേൾക്കുന്നതിനും അവ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനും അവസരമൊരുക്കും.

(പിഎൻപി 723/2020)

## വൈദ്യുതി അദാലത്ത്: പരാതികൾ 15 വരെ സമർപ്പിക്കാം

പത്തനംതിട്ട ജില്ലാ ജനകീയ വൈദ്യുതി അദാലത്ത് 2020 ലേക്കുള്ള പരാതികൾ ഈ മാസം 15 ന് വൈകുന്നേരം അഞ്ച് വരെ ജില്ലയിലെ എല്ലാ വൈദ്യുതി കാര്യാലയങ്ങളിലും സ്വീകരിക്കും. വൈദ്യുതി വകുപ്പ് മന്ത്രി എം.എം മണിയുടെ നേതൃത്വത്തിൽ ഈ മാസം 25 ന് രാവിലെ 10 മുതൽ പത്തനംതിട്ട പോലീസ് സ്റ്റേഷൻ റോഡിലുള്ള മേരി മാതാ പാരിഷ് ഹാളിൽ ജില്ലാ വൈദ്യുതി അദാലത്ത് നടക്കും. ജില്ലയിലെ എല്ലാ ജനപ്രതിനിധികളും വകുപ്പുതല മേധാവികളും അദാലത്തിൽ പങ്കെടുക്കും. ഇതിനോടകം അറിയിപ്പുകൾ ലഭിക്കാത്ത പരാതിക്കാർ, കൈപ്പറ്റ് രസീത് നമ്പർ സഹിതം വൈദ്യുതി കാര്യാലയങ്ങളുമായി ബന്ധപ്പെടണമെന്ന് പത്തനംതിട്ട ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 9446009409.

(പിഎൻപി 724/2020)

## അടൂർ താലൂക്ക് പരാതി പരിഹാര അദാലത്ത് ഈമാസം 15ന്

അടൂർ താലൂക്ക് തല പരാതി പരിഹാര അദാലത്ത് ഈ മാസം 15 ന് രാവിലെ 9.30 മുതൽ അടൂർ റവന്യൂ ടവറിലെ അഞ്ചാം നിലയിലുള്ള ഹൗസിംഗ് ബോർഡ് കോൺഫറൻസ് ഹാളിൽ നടക്കും. അന്നേ ദിവസം പരാതികൾ ജില്ലാ കളക്ടർക്ക് നേരിട്ടും സമർപ്പിക്കാമെന്ന് തഹസിൽദാർ അറിയിച്ചു.

(പിഎൻപി 725/2020)

## മഹിളാശക്തികേന്ദ്രയിലേക്ക് അപേക്ഷ ക്ഷണിച്ചു

ഗ്രാമീണ വനിതകൾക്ക് തൊഴിൽ നൈപുണ്യം, വികസനം, സങ്കേതിക പരിജ്ഞാനം പോഷകാഹാര പദ്ധതി എന്നീ സേവനങ്ങൾ ലഭ്യമാക്കി വനിതകളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന വനിതാ ശിശുവികസന വകുപ്പ് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃതപദ്ധതിയായ മഹിളാ ശക്തികേന്ദ്രയിലേക്ക് ഒരു വുമൺ വെ

ൽഫെയർ ഓഫീസർ, ര ് ജില്ലാ കോ-ഓർഡിനേറ്റർ എന്നീ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിക്കുന്നു. ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസ്, സോഷ്യൽ വർക്ക് എന്നിവയിൽ ഏതെങ്കിലുമുള്ള ബിരുദാനന്തര ബിരുദമാണ് വുമൺ വെൽഫെയർ ഓഫീസർക്ക് വേ അടിസ്ഥാന യോഗ്യത.പത്തനംതിട്ട ജില്ലയിൽ സ്ഥിരതാമസക്കാരായ സ്ത്രീകൾ മാത്രം അപേക്ഷിച്ചാൽ മതി. ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസ്, സോഷ്യൽ വർക്ക് എന്നിവയിൽ ഏതെങ്കിലുമുള്ള ബിരുദമാണ് ജില്ലാ കോ-ഓർഡിനേറ്റർക്കുള്ള അടിസ്ഥാന യോഗ്യത.

അപേക്ഷകർ സ്ത്രീകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഇടപെട്ട് പരിചയം ഉള്ളവരായിരിക്കണം.പുരുഷൻമാർക്കും അപേക്ഷിക്കാം.കംപ്യൂട്ടർ പരിജ്ഞാനം ഉ ായിരിക്കണം. പ്രായം 2020 ജനുവരി 31 ന് 35 വയസ് കവിയാൻ പാടില്ല. വെള്ളക്കടലാസിൽ തയാറാക്കിയ അപേക്ഷക്കൊപ്പം വിശദമായ ബയോഡേറ്റ, പ്രവർത്തിപരിചയം, സർട്ടിഫിക്കറ്റുകളുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ ഉൾപ്പെടുത്തണം.എഴുത്തു പരീക്ഷയിൽ യോഗ്യത നേടുന്നവരെ ഇൻറർവ്യൂവിന് ക്ഷണിക്കും. പത്തനംതിട്ട കാപ്പിൽ ആർക്കേഡിൽ പ്രവർത്തിക്കുന്ന ജില്ലാ വനിതാ ശിശുവികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കാം. അപേക്ഷ ലഭിക്കേ അവസാന തീയതി ഈമാസം 25. കൂടുതൽ വിവരങ്ങൾക്ക് 0468 2329053എന്ന നമ്പറിൽ ബന്ധപ്പെടുക.

(പിഎൻപി 726/2020)

## മത്സ്യ പരിപാലനം: ബോധവത്കരണ ക്ലാസ് ഇന്ന്(14)

ജില്ലാ ഫിഷറീസ് വകുപ്പ്, ഡിപ്പാർട്ട്മെന്റ് ഓഫ് അക്വാട്ടിക് അനിമൽ ഹെൽത്ത് മാനേജ്മെന്റ്, കേരള ഫിഷറീസ് സമുദ്രപഠനം സർവകലാശാല, കോഴഞ്ചേരി സെന്റ് തോമസ് കോളജ് സുവോളജി വിഭാഗം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മത്സ്യരോഗ നിവാരണവും പ്രതിരോധവും ഉത്തമ മത്സ്യ പരിപാലന മുറകളിലൂടെ എന്ന വിഷയത്തിൽ ഏകദിന ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. കോഴഞ്ചേരി സെന്റ് തോമസ് കോളജിലെ ഡോ. യൂഹാനോൻ മാർത്തോമാ ഹാളിൽ ഇന്ന് (14) രാവിലെ 10 ന് ആരംഭിക്കുന്ന ബോധവത്കരണ ക്ലാസിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിക്കും. സെന്റ് തോമസ് കോളജ് പ്രിൻസിപ്പൽ ഡോ.മാത്യു പി.ജോൺ അധ്യക്ഷത വഹിക്കും.കേരള ഫിഷറീസ് സമുദ്രപഠനം സർവകലാശാലയിലെ അക്വാട്ടിക് അനിമൽ ഹെൽത്ത് മാനേജ്മെന്റ് വിഭാഗം മേധാവി പ്രൊഫ. ദേവികാപിള്ള ക്ലാസ് നയിക്കും. ജില്ലയിലെ തത്പരരായ മത്സ്യകർഷകർക്ക് പങ്കെടുക്കാം. ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ദേശീയ മത്സ്യ വികസന ബോർഡ്, ലക്നൗ ആസ്ഥാനമായുള്ള നാഷണൽ ബ്യൂറോ ഓഫ് ഫിഷ് ജനറ്റിക് റിസോഴ്സസ് എന്നിവയുടെ സാമ്പത്തിക -സാങ്കേതിക സഹായത്തോടു കൂടിയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

(പിഎൻപി 727/2020)

## 50 കിലോ നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പിടിച്ചെടുത്തു

പമ്പാ നദീതീരത്ത് നടക്കുന്ന മാരാമൺ കൺവൻഷൻ പരിസരത്തുള്ള സ്റ്റാളുകളിൽ നിന്നും തോട്ടപ്പുഴശേരി ഗ്രാമപഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റേയും നേതൃത്വത്തിൽ 50 കിലോ നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പിടിച്ചെടുത്തു. നിരോധിത ഉത്പന്നങ്ങളുടെ ഉപയോഗം തുടർന്ന സ്റ്റാളുകളിലാണ് ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറി പി.ശ്രീകലയുടെ നേതൃത്വത്തിൽ പിടിച്ചെടുക്കൽ നടപടി.നിരോധിത പ്ലാസ്റ്റിക് വിപണനം തുടർന്നാൽ ശിക്ഷാ നടപടികൾ സ്വീകരിക്കുമെന്നും മുന്നറിയിപ്പ് നൽകി. പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, പ്ലാസ്റ്റിക് കപ്പ്, പ്ലേറ്റ്, പാക്കറ്റ് കവറുകൾ, പ്ലാസ്റ്റിക് സ്പൂൺ, പ്ലാസ്റ്റിക് സ്ട്രോ, പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള പേപ്പർ കപ്പുകൾ, പ്ലേറ്റ്, ബൗൾ ഗാർബേജ് ബാഗ് കൂടാതെ കൺവൻഷനോടനുബന്ധിച്ച്

പഞ്ചായത്ത് നിരോധിച്ച പരസ്യ നോട്ടീസ്, ബുക്ക്‌ലെറ്റ്, ബ്രോഷർ, ലഘുലേഖ എന്നിവയാണ് പിടിച്ചെടുത്തത്. പിടിച്ചെടുത്ത 50 കിലോ  പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ഹരിതകർമ്മസേന അംഗങ്ങൾ പഞ്ചായത്ത് എം.സി.എഫിലേക്ക് മാറ്റി. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരായ  കെ. രാധാകൃഷ്ണൻ നായർ, മായാ മോഹൻ, പതിനഞ്ചോളം ഹരിതകർമ്മസേന അംഗങ്ങൾ എന്നിവരും പരിശോധനയ്ക്ക് നേതൃത്വം നൽകി. സ്റ്റാളുകൾക്ക് ലൈസൻസ് കൊടുത്ത സമയത്ത് പഞ്ചായത്ത് അധികൃതർ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ, ഹരിതകർമ്മസേന അംഗങ്ങൾ, ഹരിതസഹായ സ്ഥാപന പ്രതിനിധികൾ എന്നിവർ നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ഉപേക്ഷിക്കാൻ വ്യാപാരികൾക്ക് ബോധവത്ക്കരണം നൽകിയിരുന്നു.

***ഫോട്ടോ അടിക്കുറിപ്പ്: മാരാമൺ:*** മാരാമൺ കൺവൻഷൻ പരിസരത്തുള്ള സ്റ്റാളുകളിൽനിന്ന് ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറി  പി.ശ്രീകലയുടെ നേതൃത്വത്തിൽ പിടിച്ചെടുത്ത 50 കിലോ നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ

(പിഎൻപി 728/2020)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഫെബ്രുവരി 13<br>February 13 | 2020 |
| --- | --- |

**1193 മകരം 30 വ്യാഴം**

## പത്രക്കുറിപ്പ് -2



www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


### ജില്ലയിലെ എല്ലാ കർഷകർക്കും കിസാൻ ക്രഡിറ്റ് കാർഡ് ലഭ്യമാക്കണം: ആന്റോ ആന്റണി എം.പി

ജില്ലയിലെ എല്ലാ കർഷകർക്കും കിസാൻ ക്രഡിറ്റ് കാർഡ് ലഭ്യമാക്കുവാൻ ഗ്രാമ പഞ്ചായത്തു തലത്തിൽ ബാങ്കുകളുടെ സഹകരണത്തോടെ ക്യാമ്പയിൻ സംഘടിപ്പിക്കണമെന്ന് ആന്റോ ആന്റണി എം.പി പറഞ്ഞു. ജില്ലാ പഞ്ചായത്ത് ഹാളിൽ ചേർന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മോണിറ്ററിംഗ് സമിതി യോഗത്തിൽ (ദിഷ) അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു എം.പി. കർഷകർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്ന എല്ലാ പദ്ധതികളും അവരിലേക്ക് എത്തിക്കണം. കർഷകരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുവാൻ ജനപ്രതിനിധികൾ ഉൾപ്പെടുന്ന കർഷക സഭകൾ നടത്തണമെന്നും എം.പി പറഞ്ഞു. ജില്ലയിൽ പൊതുവെ എല്ലാ പദ്ധതികളും തൃപ്തികരമായ പുരോഗതിയാണ് കാഴ്ച്ച വയ്ക്കുന്നതെന്നും മാർച്ച് 31 ന് ഉള്ളിൽ എല്ലാ പദ്ധതികളും നൂറു ശതമാനം നേട്ടം കൈവരിക്കണമെന്നും ജില്ലാ തല മേധാവികളോട് എം.പി നിർദേശിച്ചു.

2019 ഡിസംബർ 31 വരെ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതിയാണ് യോഗത്തിൽ അവലോകനം ചെയ്തത്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ ഉപയോഗത്തിൽ സംസ്ഥാനത് ജില്ല മൂന്നാം സ്ഥാനത്താണുള്ളത്. കേന്ദ്ര സർക്കാർ ലേബർ ബജറ്റിൽ 140 ശതമാനം കരസ്ഥമാക്കാൻ ജില്ലയ്ക്ക് സാധിച്ചു.

കർഷകർക്ക് ആശ്വാസം പകരുന്ന പദ്ധതികൾ അവരിലേക്കെത്തിക്കുവാൻ വാർഡ് തലത്തിലുള്ള കാമ്പയിനുകൾ സംഘടിപ്പിക്കണമെന്ന് ദിശ മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടർ പി.ബി നൂഹ് നിർദേശിച്ചു. ജില്ലയിൽ പലയിടത്തും വരൾച്ച അനുഭവപ്പെട്ടു തുടങ്ങിയ സാഹചര്യത്തിൽ വാട്ടർ അതോറിറ്റി പ്രത്യേക ശ്രദ്ധ പുലർത്തണമെന്നും കളക്ടർ പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ലീലാ മോഹൻ, ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടറും ദിഷ കൺവീനറുമായ എൻ.ഹരി , വിവിധ ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ദിഷ:*** ജില്ലാ പഞ്ചായത്ത് ഹാളിൽ ചേർന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മോണിറ്ററിംഗ് സമിതി യോഗത്തിൽ (ദിഷ) അധ്യക്ഷത വഹിച്ച് ആന്റോ ആന്റണി എം.പി സംസാരിക്കുന്നു

(പിഎൻപി 729/2020)

## സൂര്യാഘാതത്തെ കരുതിയിരിക്കുക: ഡിഎംഒ

അന്തരീക്ഷ താപനിലയിൽ വർധനവ് അനുഭവപ്പെട്ട സാഹചര്യത്തിൽ സൂര്യാഘാതത്തിന് സാഹചര്യമു ന്നും കരുതൽ വേണമെന്നും ഡിഎംഒ(ആരോഗ്യം) ഡോ. എ.എൽ. ഷീജ അറിയിച്ചു. തുടർച്ചയായി വെയിൽ കൊള്ളുന്ന സാഹചര്യം ഒഴിവാക്കണം. വെയിലത്തു ജോലി ചെയ്യുന്നവർ ഇടയ്ക്കിടയ്ക്ക് തണലിലേക്ക് മാറി നിൽക്കണം. ഇടയ്ക്കിടയ്ക്ക് വെള്ളം കുടിക്കണം. തളർച്ചയോ പൊള്ളലോ അനുഭവപ്പെട്ടാൽ ഉടൻതന്നെ വിശ്രമിക്കണം. കടുത്ത നിറത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുന്നത് സൂര്യാഘാത സാധ്യത വർധിപ്പിക്കും. വെയിലത്ത് ജോലി ചെയ്യുന്നവർ ഉച്ചയ്ക്ക് 12 മുതൽ മൂന്നു വരെ വെയിലിൽ നിന്നു മാറി വിശ്രമിക്കുകയും അതിന് അനുസരിച്ച് ജോലി സമയം പുനർനിർണയിക്കുകയും വേണം.

(പിഎൻപി 730/2020)

## കൊറോണ ബോധവത്കരണം ജനറൽ ആശുപത്രിയിലും

പത്തനംതിട്ട ജനറൽ ആശുപത്രി ഒപി വിഭാഗത്തിൽ കൊറോണാ ബോധവത്കരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ബോധവത്കരണ ക്ലാസും ഫ്ളാഷ്മോബും സംഘടിപ്പിച്ചു. ആശുപത്രി സൂപ്ര ് ഡോ. സാജൻ മാത്യൂസ് പരിപാടി ഉദ്ഘാടനം ചെയ്തു. ഇലന്തൂർ ഗവ. നഴ്സിംഗ് കോളജിലെ വിദ്യാർഥികൾ കൊറോണാ പ്രതിരോധ സന്ദേശങ്ങളടങ്ങിയ ഫ്ളാഷ്മോബ് അവതരിപ്പിച്ചു. ജില്ലാ നഴ്സിംഗ് ഓഫീസർ രതി കുമാരി, പബ്ലിക് ഹെൽത്ത് നഴ്സ് ഗീതാ കുമാരി തുടങ്ങിയവർ സംസാരിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: കൊറോണ:*** പത്തനംതിട്ട ജനറൽ ആശുപത്രി ഒ.പി വിഭാഗത്തിൽ സംഘടിപ്പിച്ച കൊറോണാ ബോധവത്കരണ ക്ലാസ് ആശുപത്രി സൂപ്ര ് ഡോ. സാജൻ മാത്യൂസ് ഉദ്ഘാടനം ചെയ്യുന്നു

(പിഎൻപി 731/2020)

## സർക്കാർ ജീവനക്കാർക്ക് കൊറോണ ബോധവത്കരണ ക്ലാസ്

കളക്ട്രേറ്റ് കോമ്പൗ ിൽ സർക്കാർ ജീവനക്കാർക്കായി കൊറോണ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. സി.എസ്. നന്ദിനി ക്ലാസ് നയിച്ചു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. രശ്മി, ആർദ്രം നോഡൽ ഓഫീസർ ഡോ. ശ്രീരാജ് എന്നിവർ സംസാരിച്ചു.

(പിഎൻപി 732/2020)

## എല്ലാ കർഷകർക്കും കിസാൻ ക്രഡിറ്റ് കാർഡ്

കൃഷി ഭവൻ മുഖേന പ്രധാനമന്ത്രി കിസാൻ സമ്മാൻ എന്ന പദ്ധതി പ്രകാരം പ്രതിവർഷം 6000 രൂപ മൂന്നു ഗഡുക്കളായി കർഷകർക്ക് കേന്ദ്രസഹായം നൽകി വരുന്നു. ഇതിൽ അംഗങ്ങളായവർ ഉൾപ്പടെയുള്ള ജില്ലയിലെ എല്ലാ കർഷകർക്കും ബാങ്കുകളിൽ നിന്നും കിസാൻ ക്രഡിറ്റ് കാർഡ് നൽകുന്നതിന് സർക്കാർ നിർദേശം നൽകിയിട്ടു ്. ഇതിനായി കൃഷിഭവൻ തലത്തിൽ ബാങ്കുകളുമായി ചേർന്ന് സംയുക്ത കാമ്പയിനുകൾ സങ്കടിപ്പിക്കും. എല്ലാ കർഷകരും ബാങ്കുകളുമായി ബന്ധപ്പെട്ട് കിസാൻ ക്രഡിറ്റ് കാർഡ് ഗുണഭോക്താക്കളാകണമെന്ന് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

(പിഎൻപി 733/2020)

## പുറംപോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് മുൻഗണനാ റേഷൻ കാർഡ് വിതരണം നടത്തി

ജില്ലയിൽ പുറംപോക്കിൽ താമസിക്കുന്ന ര ് കുടുംബങ്ങൾക്ക് മുൻഗണനാ റേഷൻ കാർഡ് വിതരണം നടത്തി. റാന്നി മടന്തമണിൽ പുറമ്പോക്കിൽ താമസിക്കുന്ന ബേബിക്ക് മുൻഗണനാ റേഷൻ കാർഡ് താലൂക്ക് സപ്ലൈ ഓഫീസർ ജി. ഗണേഷ് താമസ സ്ഥലത്തെത്തി കൈമാറി.

പുറമ്പോക്കിലും റെയിൽവേയുടെ സ്ഥലത്തും താമസിക്കുന്ന ഭവന രഹിത നിർധന കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് റേഷൻ കാർഡ് വിതരണം നടത്തിയത്. ഇതിനായി അപേക്ഷകന് ആധാർ കാർഡ് ഉ ായിരിക്കണം. റേഷൻ കാർഡിനായി പുറമ്പോക്കിൽ താമസിക്കുന്ന ബേബിയുടെ അപേക്ഷ ലഭിച്ചതിനെ തുടർന്ന് താലൂക്ക് സപ്ലൈ ഓഫീസർ ജി. ഗണേഷും റേഷനിംഗ് ഇൻപെക്ടർ ബിജുരാജും പരിശോധന നടത്തി മേൽനടപടി സ്വീകരിച്ചതിന്റെ ഭാഗമായാണ് റേഷൻ കാർഡ് നൽകിയത്. ഭാര്യ രാധികയും ര ് കുട്ടികളും അടങ്ങുന്നതാണ് ബേബിയുടെ കുടുംബം. ബേബിക്ക് മാത്രമാണ് കുടുംബത്തിൽ നിലവിൽ ആധാർ കാർഡ് ഉള്ളത്. മറ്റ് കുടുംബാംഗങ്ങൾക്കും ആധാർ ലഭിക്കുന്ന മുറയ്ക്ക് റേഷൻ കാർഡിൽ പേര് ചേർക്കാം. റേഷൻ കാർഡ് ഇല്ലാത്തതു മൂലം ഒരു കുടുംബവും സംസ്ഥാനത്ത് പട്ടിണി കിടക്കാൻ പാടില്ലെന്ന ലക്ഷ്യത്തോടെ സിവിൽ സപ്ലൈസ് വകുപ്പ് ഡയറക്ടറുടെ നിർദേശപ്രകാരമാണ് റേഷനിംഗ് ഇൻപെക്ടർമാർ പരിശോധന നടത്തി മുൻഗണനാ റേഷൻ കാർഡുകൾ നൽകുന്നത്. തടിയൂർ പുറമ്പോക്കിൽ താമസിക്കുന്ന മുടവൻപൊയ്കയിൽ ബാലന്(59) റേഷൻ ഇൻപെക്ടർ ഗിരീഷ് സ്വയം ക ത്തി പരിശോധിച്ച് മുൻഗണന റേഷൻ കാർഡ് അനുവദിക്കുകയു ായി. ബാലന്റെ തടിയൂരിലെ താമസ സ്ഥലത്തെത്തി താലൂക്ക് സപ്ലൈ ഓഫീസർ ജി. ഗണേഷ് മുൻഗണനാ റേഷൻ കാർഡ് കൈമാറി.

***ഫോട്ടോ അടിക്കുറിപ്പ്:റേഷൻ കാർഡ്:*** മടന്തമൺ പുറംപോക്കിൽ താമസിക്കുന്ന ബേബിക്ക് താലൂക്ക് സപ്ലൈ ഓഫീസർ ജി.ഗണേഷ് താമസ സ്ഥലത്തെത്തി റേഷൻ കാർഡ് കൈമാറുന്നു

(പിഎൻപി 734/2020)

## പരിശീലനം

കെ.എ.പി മൂന്നാം ബറ്റാലിയനിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് പി.എസ്.സി നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർഥികളുടെ പരിശീലനം ഫെബ്രുവരി 17ന് ആരംഭിക്കും. നിയമന ഉത്തരവ് ലഭിച്ചവർ രേഖകൾ സഹിതം 15ന് രാവിലെ ഏഴിന് കെ.എ.പി മൂന്നാം ബറ്റാലിയൻ ആസ്ഥാനത്ത് എത്തണം. വ്യക്തിഗത അറിയിപ്പ് ഉദ്യോഗാർഥികൾക്ക് അയച്ചിട്ടു ്. അറിയിപ്പ് ലഭിച്ചിട്ടില്ലാത്തവർ അടൂർ പരുത്തിപാറയിലുള്ള കെ.എ.പി മൂന്നാം ബറ്റാലിയൻ ആസ്ഥാനവുമായി ബന്ധപ്പെടണം.ഫോൺ: 04734-217172.

(പിഎൻപി 735/2020)

**യോഗം**

ശബരിമല തീർഥാടന പാതകളിൽ സ്ഥിരം ശൗചാലയങ്ങൾ നിർമിക്കുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ഇന്ന് (14)വൈകിട്ട് 4.30ന് ചേംബറിൽ യോഗം ചേരും. ശബരിമല തീർഥാടന പാത കടന്നു പോകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും വില്ലേജ് ഓഫീസർമാരും യോഗത്തിൽ പങ്കെടുക്കണം.

(പിഎൻപി 736/2020)

**വാഹനം വാടകയ്ക്ക് ആവശ്യമു ്**

കോന്നി പെരിഞ്ഞൊട്ടയ്ക്കലിൽ പ്രവർത്തിക്കുന്ന സി.എഫ്.ആർ.ഡി യുടെ ഔ ദ്യോഗിക യാത്രയ്ക്കായി എയർ ക ീഷനുള്ള
സെഡാൻ കാർ ഡ്രൈവർ സഹിതം വാടകയ്ക്ക് ആവശ്യമു ്. ഈ മാസം 25 ന് വൈകിട്ട് അഞ്ചിന് മുൻപായി താത്പര്യമുള്ള വാഹന ഉടമകൾ സി.എഫ്.ആർ.ഡി ഡയറക്ടറുടെ പേ രിൽ ക്വട്ടേഷൻ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് 0468 2241144.

(പിഎൻപി 737/2020)

**റവന്യൂ അദാലത്തും കണക്ഷൻ മേളയും**

പി.എച്ച് സബ്ഡിവിഷൻ പത്തനംതിട്ട, റാന്നി എന്നിവയുടെ പരിധിയിലുള്ള പത്തനംതി ട്ട, കോന്നി, അടൂർ, റാന്നി, വടശേരിക്കര സെക്ഷൻ കാര്യാലയങ്ങളിൽ നിന്ന് വാട്ടർ കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താക്കളുടെ വാട്ടർ ചാർജ് ബിൽ, വെള്ളം ലഭിക്കാത്തഇടങ്ങളിലെ വെ ള്ളക്കരം കുടിശിക സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനുള്ള റവന്യൂ അദാലത്ത് മാർ ച്ച് 17 ന് നടക്കുമെന്ന് ജല അതോറിറ്റി പി.എച്ച് ഡിവിഷൻ പത്തനംതിട്ട എക്സിക്യൂട്ടീവ് എ ഞ്ചിനീയർ അറിയിച്ചു. ഈ മാസം 29 വരെ സബ് ഡിവിഷൻ കാര്യാലയങ്ങളിൽ കൺസ്യൂമർ നമ്പർ, മൊബൈൽ നമ്പർ, മേൽവിലാസം എന്നിവ സഹിതം ഉപഭോക്താക്കൾക്ക് പരാ തികൾ നൽകാം.

(പിഎൻപി 738/2020)

**സർവീസ് പ്രൊവൈഡറായി രജിസ്റ്റർ ചെയ്യാം**

കേരള സർക്കാർ ഗാർഹിക - വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നതിന് ആവിഷ്ക്കരിച്ച സ്കിൽ രജിസ്ട്രി മൊബൈൽ ആപ്ലിക്കേഷനിൽ സാങ്കേതികവും പാരമ്പര്യവുമായ വിവിധ മേഖലകളിൽ പ്രാവീണ്യമുള്ളവർക്ക് സർവീസ് പ്രൊവൈഡറായി രജിസ്റ്റർ ചെയ്യാം. താത്പര്യമുള്ളവർ ഈ മാസം 17 നകം ആധാർ കാർ ഡ്, ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ് , സ്കിൽ വൈദഗ്ധ്യം തെളിയിക്കുന്ന പഞ്ചായത്ത് മെ മ്പറുടെ കത്ത്, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ഇലവുംതിട്ട മെഴു വേലി ഗവൺമെന്റ് ഐ.ടി.ഐയിൽ (വനിത) എത്തിചേരണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. വിശദവിവരങ്ങൾക്ക് 0468 2259952, 7907095840, 8075264830.

(പിഎൻപി 739/2020)

**കിഴങ്ങുവർഗ നടീൽ വസ്തുക്കളുടെ വിതരണ**

**ജില്ലാതല ഉദ്ഘാടനം 15ന് വെച്ചൂച്ചിറയിൽ**

പത്തനംതിട്ട ജില്ലാ പഞ്ചായത്ത്, വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഇടവിള കൃഷി കിഴങ്ങുവർഗ്ഗ നടീൽ വസ്തുക്കളുടെ വിതരണ ജില്ലാതല ഉദ്ഘാടനം വെച്ചൂച്ചിറയിൽ ഈ മാസം 15ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിക്കും. രാവിലെ 11ന് എ.ടി.എം ഓഡിറ്റോറിയത്തിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോസമ്മ സ്കറിയ അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ എലിസബത്ത് അബു മുഖ്യപ്രഭാഷണം നടത്തും.റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജാ മധു, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പ്രസംഗിക്കും

(പിഎൻപി 740/2020)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


.